പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2103 **26-10-2026-ൽ മറുപടിയ്ക്ക്**

ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പലതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതിനാൽ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്

(ബി) ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മറുപടി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതോ നിയമാനുസൃതമായി കൈമാറിയിട്ടുള്ളതോ ആയ സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ നിലവിലുള്ള അക്കൗണ്ടിങ് ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ആസ്തി പരിപാലന മാർഗനിർദേശങ്ങൾ എന്നിവ പ്രകാരം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. ആസ്തിയുടെ സ്വഭാവം, സ്ഥാനം, അളവ്, മൂല്യം, ഉടമസ്ഥാവകാശം, കൈമാറ്റരേഖകൾ തുടങ്ങിയ വിവരങ്ങൾ പരിശോധിച്ചാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. പദ്ധതി മുഖേന സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സംബന്ധിച്ച പൂർത്തീകരണ റിപ്പോർട്ടുകളും ചെലവുവിവരങ്ങളും ഇതിന് അടിസ്ഥാനമാക്കുന്നതാണ്. നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി പൂർത്തികരണ വിവരങ്ങൾ ഉപയോഗിച്ച് ആസ്തി രജിസ്റ്റർ യഥാസമയം പുതുക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. Land Relinquishment വഴി തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി വിട്ട് നല്കുന്നതിന് നിയമ നിർമ്മാണം നടത്താവുന്നതാണ്. ഇപ്പോൾ ഈ വിഷയം പരിഗണയിലില്ല.

സെക്ഷൻ ഓഫീസർ